**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോഴിക്കോട് നഗരസഭ ഭൂമി ഏറ്റെടുത്ത വകയിൽ വിവിധ LAR കേസുകളിൽ കൊടുത്തു തീർക്കാനുള്ള നഷ്ടപരിഹാരം - 2017 -18 സാമ്പത്തിക വർഷത്തെ ചെലവഴിക്കാത്ത പദ്ധതികളിൽ നിന്നും ഉപയോഗിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ) നം. 532 /2018 /ത.സ്വ.ഭ.വ    തിരുവനന്തപുരം, തീയതി, 23/02/2018

---

പരാമർശം: 1. കോഴിക്കോട് നഗരസഭാ സെക്രട്ടറിയുടെ 12/12/2017 ലെ TP2/132910/12 നമ്പർ കത്ത്

2. കോഴിക്കോട് നഗരസഭാ സെക്രട്ടറിയുടെ 21/01/2018 ലെ TP2/132910/12 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോഴിക്കോട് നഗരസഭയിൽ വിവിധ ആവശ്യങ്ങൾക്കായി ഭൂമി അക്വയർ ചെയ്തതിന്റെ നഷ്ടപരിഹാരവും വർദ്ധിത നഷ്ടപരിഹാരവും ആവശ്യപ്പെട്ടുകൊണ്ട് സ്ഥലമുടമകൾ കോടതിയിൽ വ്യവഹാരം നൽകുകയും കോടതി മുഖേന നഷ്ടപരിഹാരം ഉത്തരവായിട്ടുള്ള LAR കേസുകളിൽ ,നഗരസഭയുടെ സാമ്പത്തിക ബുദ്ധിമുട്ടുമൂലം യഥാ സമയം നഷ്ടപരിഹാരം നൽകാൻ കഴിയാതെ വരുന്നതിനാൽ ടി തുക 2017-18 സാമ്പത്തിക വർഷത്തെ ചിലവഴിക്കാത്ത പദ്ധതികളിൽ നിന്നും കണ്ടെത്തി ഉപയോഗിക്കാൻ അനുമതി നൽകണമെന്ന് പരാമർശം 2 ലെ കത്തിൽ കോഴിക്കോട് നഗരസഭ സെക്രട്ടറി ആവശ്യപ്പെടുകയുണ്ടായി .

വിവിധ കേസുകളിലെ നഷ്ടപരിഹാരം നൽകുന്നതിനായി നഗരസഭയ്ക്ക് ഒൻപത് കോടി രൂപ ആവശ്യമാണെന്ന് പരാമർശം 1 ലെ കത്തിൽ നഗരസഭ സെക്രട്ടറി അറിയിച്ചിരുന്നു .എന്നാൽ നഷ്ട പരിഹാര തുകയും പലിശയും ചേർത്ത് ഇപ്പോൾ 15 കോടി രൂപ ആവശ്യമാണെന്ന് പരാമർശം 2 ലെ കത്തിൽ നഗരസഭ സെക്രട്ടറി അറിയിച്ചിട്ടുണ്ട്

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.കോഴിക്കോട് നഗരസഭയുടെ വിവിധ ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുത്ത വകയിൽ വിവിധ LAR കേസുകളിൽ കൊടുത്തു തീർക്കാനുള്ള നഷ്ടപരിഹാരമായ 15 കോടി രൂപ 2017 -18 സാമ്പത്തിക വർഷത്തെ ചെലവഴിക്കാത്ത പദ്ധതികളിൽ നിന്നും , നഗരസഭാ കൗൺസിൽ തീരുമാനത്തിന് വിധേയമായി ഉപയോഗിക്കുന്നതിന് കോഴിക്കോട് നഗരസഭാ സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവാകുന്നു

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി ,കോഴിക്കോട് നഗരസഭ
നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ & എ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ